LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഡി.പി.-ക്ക് കടം 60 കോടി രൂപയാണ്. ഞങ്ങൾ ഉണ്ടാക്കിയതല്ലല്ലോ? കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് ലിമിറ്റഡിൽ ശമ്പളം മുടങ്ങിയിട്ട് കൊല്ലം എത്രയായി? ഞങ്ങളുണ്ടാക്കിയതാണോ? നിരർത്ഥകമായ വാദങ്ങൾ നിരത്തിയിട്ടൊന്നും കാര്യമില്ല. പഴയ പൊതുമേഖലാ സ്ഥാപനങ്ങൾ ഇവിടെയല്ല, ബംഗാളിലല്ല, ലോകത്ത് മുഴുവൻ നശിച്ചുപൊയ്ക്കൊണ്ടിരിക്കുന്നുണ്ട്. അതൊരു വലിയ പ്രതിഭാസമാണ്. അതിന്റെ പരിഹാരത്തിന് നമുക്ക് കൂടിയാലോചിക്കാം. അതിന് രാഷ്ട്രീയം ആയുധമാക്കി യു.ഡി.എഫ്.-നെ തകർക്കാൻ നോക്കിയിട്ട് യാതൊരു കാര്യവുമില്ല.

(2) വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്കുള്ള സർട്ടിഫിക്കറ്റുകളും ഇതര രേഖകളും അറ്റസ്റ്റ് ചെയ്യുന്നതിനുള്ള സെന്റർ കോഴിക്കോട് ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. പി. മുഹമ്മദ്: വിദേശരാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവരുടെ സർട്ടിഫിക്കറ്റുകളും അതുപോലെ ഇതര രേഖകളും ഡൽഹിയിൽ പോയി അറ്റസ്റ്റ് ചെയ്യുന്നതിന് വളരെയധികം പ്രയാസം നേരിടുകയാണ്. ഇതിന് പരിഹാരം കാണാൻ ഡൽഹിയിൽ പോയി ചർച്ച നടത്തിയ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ അറ്റസ്റ്റേഷൻ സെന്ററുകൾ അടുത്തമാസം തന്നെ തിരുവനന്തപുരത്തും, ഏറ്റവും അധികം ഉദ്യോഗാർത്ഥികളുള്ള മലബാർ മേഖലയ്ക്ക് സൗകര്യപ്രദമാകണമെങ്കിൽ കോഴിക്കോട്ടും അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, യു.എ.ഇ. തുടങ്ങിയ വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവർ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യണമെന്ന

10 A.M.] അവിടത്തെ വിസാ നിയമങ്ങൾ കർശനമാക്കിയതിന്റെ ഫലമായിട്ടാണ് കേന്ദ്രഗവൺമെന്റ് അതിന് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചത്. പക്ഷേ ഇക്കാര്യത്തിൽ കേരളത്തിലെ ഉദ്യോഗാർത്ഥികൾക്കുള്ള ബുദ്ധിമുട്ട് സംബന്ധിച്ച് സംസ്ഥാനത്തെ എം.പി.-മാരും മന്ത്രിമാരും കേന്ദ്ര ഗവൺമെന്റിൽ നിവേദനം നടത്തിയതിന്റെ ഫലമായി തിരുവനന്തപുരത്ത് ഒരു അറ്റസ്റ്റേഷൻ സെന്റർ തുടങ്ങാൻ തീരുമാനിച്ചു. മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റിന്റെ ഉദ്യോഗസ്ഥന്മാരെ ഐഡന്റിഫൈ ചെയ്ത് ഡെപ്യൂട്ട് ചെയ്യുന്നതിനുള്ള കാലതാമസം കൊണ്ടാണ് തിരുവനന്തപുരത്ത് ഇത് തുടങ്ങുന്നതിന് തടസ്സം വന്നത്. പല സ്ഥാപിത താല്പര്യക്കാരും ഇത്

തിരുവനന്തപുരത്ത് തുടങ്ങാതിരിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. എന്തായാലും ഫെബ്രുവരി ആദ്യവാരത്തിൽ തന്നെ എച്ച്.ആർ.ഡി.-യിലെ ഉദ്യോഗസ്ഥന്മാർ ഇവിടെ വന്ന് നോർക്കയുടെ വഴുതയ്ക്കാട് ഓഫീസിൽ അറ്റസ്റ്റേഷൻ സെന്റർ തുടങ്ങും. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ഒരു ബുദ്ധിമുട്ടുള്ളത് പേഴ്സണൽ വെരിഫിക്കേഷന് എച്ച്.ആർ.ഡി. നിർബന്ധിക്കുകയാണ്. അതുകൊണ്ട് തിരുവനന്തപുരത്ത് ഇത് ആദ്യം ആരംഭിക്കുകയാണ്. ഇത് ആരംഭിച്ചുകഴിഞ്ഞാൽ കേരള ഗവണ്മെന്റിനെ ചുമതലപ്പെടുത്തണമെന്നുള്ളതാണ് അവരോട് അഭ്യർത്ഥിച്ചിരിക്കുന്നത്. അങ്ങനെ കേരള ഗവൺമെന്റിനെ ചുമതലപ്പെടുത്തിക്കഴിഞ്ഞാൽ കൊച്ചിയിലും തിരുവനന്തപുരത്തും അറ്റസ്റ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കാൻ കഴിയും. അതുകൊണ്ട് ഇപ്പോൾ തിരുവനന്തപുരത്ത് ആരംഭിച്ച് രണ്ടാം ഘട്ടമെന്ന നിലയ്ക്ക് മെമ്പർ പറഞ്ഞ ആവശ്യം അംഗീകരിക്കാൻ സാധിക്കുമെന്നാണ് ഗവണ്മെന്റിന്റെ പ്രതീക്ഷ.

(3) മലബാർ പ്രദേശത്തെ പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ കമ്പനികളും അടച്ചുപൂട്ടിയ നടപടി

ശ്രീ. മത്തായി ചാക്കോ: സർ, മലബാർ പ്രദേശത്തിന്റെ വ്യവസായ തലസ്ഥാനമായി നേരത്തേ അറിയപ്പെടുന്ന പ്രദേശമാണ് കോഴിക്കോട്. അവിടെയുണ്ടായിരുന്ന ഓടുവ്യവസായവും നെയ്ത്തുമെല്ലാം പൊളിഞ്ഞു. പിന്നെ ആധുനിക വ്യവസായങ്ങളായ കേരള സോപ്സ് ആന്റ് ഓയിൽസും കുന്നത്തറ ടെക്സ്റ്റൈൽസും തിരുവണ്ണൂർ കോട്ടൺ മിൽസും എല്ലാം അവിടെ വന്നിരുന്നു. ഇപ്പോൾ കോഴിക്കോട് ജില്ല ഈ വ്യവസായങ്ങളുടെയൊക്കെ ശവപ്പറമ്പായി മാറിയിരിക്കുകയാണ്. ഗ്വാളിയാർ റയോൺസിന്റെ ഫാക്ടറി അടച്ചുപൂട്ടി. അവിടെ പണിയുണ്ടായിരുന്ന പതിനയ്യായിരത്തോളം തൊഴിലാളികൾ പുറത്തുപോയ അവസ്ഥയുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിലെ തകർന്നുകിടക്കുന്ന വ്യവസായങ്ങളെ സംരക്ഷിക്കാൻ ആവശ്യമായ ഒരു പാക്കേജ് ഗവണ്മെന്റ് പ്രഖ്യാപിക്കണം. അല്ലെങ്കിൽ എം.എൽ.എ.-മാരെ വിളിച്ചുചേർത്ത് ഒരു യോഗം നടത്താൻ ഗവണ്മെന്റ് സന്നദ്ധമാകണം. അവിടെ വരുന്ന ഫെബ്രുവരിയിൽ സി.ഐ.ടി.യു-ന്റെ നേതൃത്വത്തിൽ കളക്ടറേറ്റ് മാർച്ച് ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, മാർച്ച് കൊണ്ടും പിക്കറ്റിംഗ് കൊണ്ടും ഒരിക്കലും വ്യവസായം വരാൻ പോകുന്നില്ല. വ്യവസായത്തിന് വാസ്തവത്തിൽ വേണ്ടത് ഇതൊക്കെ ലേശം

LIBRARY ARCHIVES Kerala Legislative Assembly